File No.LSGD-EU1/122/2017-LSGD

I/3452566/2018

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - സൗത്ത് പരവൂർ നഗരസഭ - വിജിലൻസ് പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. നീതുലാൽ ബി. ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1465/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/05/2018

പരാമർശം:- 1 വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.05.2016 തീയതിയിലെ ഇ2(എസ്.സി.4/16/കൊല്ലം)15103/2016 നമ്പർ കത്ത്.

2 സൗത്ത് പരവൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. നീതുലാൽ ബി. ക്ക് നൽകിയ 27.07.2017 തീയതിയിലെ തസ്വഭവ-ഇ.യു.1/122/2016-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീമതി. നീതുലാൽ ബി. സമർപ്പിച്ച 29.08.2017 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 20.03.2018 തീയതിയിലെ വി1-19209/17നമ്പർ കത്ത്.

ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 16.01.2016-ൽ സൗത്ത് പരവൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. എബി. സി.ഐ., ശ്രീ. മധുസൂദനൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ. സരിൻ. എസ്.ആർ. എന്നിവർ അനുവാദമില്ലാതെ ഹാജരാകാതിരുന്നുവെന്നും, നഗരസഭയിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററും, മൂവമെന്റ് രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നില്ലായെന്നും, CRZ ന്റെ ലംഘനം സംബന്ധിച്ച ഫയലുകളും നിലം നികത്തൽ പരിശോധനാ സമിതി തീർപ്പാക്കേണ്ട ഫയലുകളും 2 മാസത്തിൽ കൂടുതൽ കാലതാമസം വരുത്തിയിട്ടുള്ളതായും കണ്ടെത്തി. ടി ക്രമക്കേടുകൾക്ക് നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീമതി. നീതുലാൽ ബി. ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുമുണ്ടായി.

2. ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. എബി. സി.ഐ., ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മധുസൂദനൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ. സരിൻ. എസ്.ആർ. എന്നിവർ വിജിലൻസ് പരിശോധന നടന്ന 16.01.2016-ൽ മുൻകൂർ അനുവാദം വാങ്ങാതെയാണ് ജോലിയ്ക്ക് ഹാജരാകാതിരുന്നതെന്നും തൊട്ടടുത്ത പ്രവർത്തി ദിവസം കാഷ്വൽ ലീവ് അപേക്ഷ സമർപ്പിച്ചതുന്നതും, തക്കതായ കാരണം ബോദ്ധ്യപ്പെട്ടതിനാൽ മേലിൽ ഇത്തരത്തിൽ ആവർത്തിക്കരുതെന്ന താക്കീത് നൽകി ടിയാളുകൾക്ക് കാഷ്വൽ ലീവ് അനുവദിച്ചിട്ടുള്ളതാണെന്നും, നഗരസഭയിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചു വന്നിരുന്നുവെന്നും എന്നാൽ മുഴുവൻ ജീവനക്കാരും, പരിശോധന ദിവസം ടി രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിരുന്നില്ലെന്നും ശ്രീമതി. നീതുലാൽ ചാർജ്ജ് എടുത്തതിനു ശേഷം ടി രജിസറ്ററുകളിൽ എല്ലാ ജീവനക്കാരും നിർബന്ധമായും കൃത്യമായും രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നതും ആയത് ഉറപ്പ് വരുത്തുന്നതിന് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിരുന്നതായും വിജിലൻസ് പരിശോധനയ്ക്ക് ശേഷം രജിസ്റ്ററുകൾ കൃത്യമായി മെയിന്റയിൻ ചെയ്തിട്ടുള്ളതുമാണെന്നും ശ്രീമതി. നീതുലാൽ ബി. പരാമർശം മൂന്ന്

പ്രകാരം സമർപ്പിച്ച മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ C R Z അനുമതി ലഭ്യമാക്കേണ്ട കെട്ടിട നിർമ്മാണ അപേക്ഷയിൽ നഗരസഭ മുഖാന്തിരം എൻ.ഒ.സി. ലഭിക്കുന്നതിനായി K C Z M A യിലേയ്ക്ക് (കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി) അയച്ചു നൽകുകയും എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണാനുമതി നൽകുകയുമാണ് ചെയ്ത് വന്നിരുന്നതെന്നും പരവൂർ നഗരസഭ മുഖാന്തിരം അയച്ചു നൽകിയ 15 - 16 കാലയളവിലുള്ള ചില അപേക്ഷയിൽ തീർപ്പാക്കാൻ കഴിയാതെ വരുകയാണുണ്ടായതെന്നും K C Z M A യിൽ നിന്നും എൻ.ഒ.സി. ലഭിച്ച മുറയ്ക്ക് C R Z ഫയലുകൾ തീർപ്പാക്കിയിട്ടുള്ളതാണെന്നും ടി അപേക്ഷകളിന്മേൽ നടപടി വൈകിപ്പിച്ചത് മനഃപൂർവ്വമല്ലായെന്നും ടിയാൾ മറുപടി നൽകിയിട്ടുണ്ട്. നിലം നികത്തൽ പരിശോധനാ സമിതി തീർപ്പാക്കേണ്ട കെട്ടിട നിർമ്മാണ ഫയലുകളിൽ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടുള്ളതും, ആയതിനാൽ നിലം നികത്തൽ പരിശോധനാ സമിതി സമയപരിധിക്കുള്ളിൽ കൂടുവാൻ സാധിക്കാതെ വന്നിട്ടുള്ളതാണെന്നും, എന്നാൽ വിജിലൻസ് പരിശോധനയ്ക്ക് ശേഷം സമയബന്ധിതമായി വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി, ഫയലുകൾ കാലതാമസം കൂടാതെ നഗരസഭയിൽ നിന്നും ക്ലിയറൻസിനായി അയച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ടിയാളുടെ മറുപടിയിൽ സൂചിപ്പിക്കുന്നു. കൂടാതെ ചെങ്ങന്നൂർ നഗരസഭയിൽ നിന്നും ട്രാൻസ്ഫർ ആയി 14.01.2016-ലാണ് സൗത്ത് പരവൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചതെന്നും 16.01.2016-ലെ മിന്നൽ പരിശോധനയിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്നും, കണ്ടെത്തിയ ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടി സ്വീകരിച്ചത് പരിഗണിച്ച് അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചു.

3. ശ്രീമതി. നീതുലാൽ ബി. 14.01.2016-ലാണ് സൗത്ത് പരവൂർ നഗരസഭാ സെക്രട്ടറിയായി ചാർജ്ജ് എടുത്തതെന്നുള്ള വസ്തുതയും 16.01.2016-ൽ നടന്ന വിജിലൻസ് പരിശോധനയിലാണ് മേൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്നതിനാലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ അതീവ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം നൽകി ടിയാളുടെ പേരിലുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം അപേക്ഷിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14.01.2016 ൽ സെക്രട്ടറിയായി ചാർജ്ജെടുത്ത ശ്രീമതി. നീതുലാൽ ബി. യെ 16.01.2016-ൽ നടന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയാക്കാൻ കഴിയില്ല. എന്നിരുന്നാലും ജോലിയുടെ സ്വഭാവം പരിഗണിച്ച് സൗത്ത് പരവൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. നീതുലാൽ ബി. യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി, മേലിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ അതീവ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം നൽകി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹൻദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
സെക്രട്ടറി, സൗത്ത് പരവൂർ നഗരസഭ

ശ്രീമതി. നീതുലാൽ ബി., മുൻ സെക്രട്ടറി, സൗത്ത് പരവൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് 04.05.2018 തീയതിയിലെ ഡി1/434/2018/വിജ് നമ്പർ കത്ത് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ